**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3886** **27-10-2021 - ൽ മറുപടിയ്ക്ക്**

**മങ്കട സി.എച്ച്.സി.യുടെ വികസനം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മങ്കട സി.എച്ച്.സി. യിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ശിപാർശ ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സർക്കാർ ഉത്തരവ് (സാധാ) നമ്പർ 207/2021/ ആ.ക.വ തീയതി 22.10.2021 പ്രകാരം സംസ്ഥാനത്തെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കേണ്ട മിനിമം സൗകര്യങ്ങൾ, ജീവനക്കാർ, ഉപകരണങ്ങൾ എന്നിവ നിജപ്പെടുത്തി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഒരു ബ്ലോക്കിൽ നിന്നും ഒരു സ്ഥാപനത്തെ തിരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യങ്ങളും രോഗീ സൗഹൃദ അന്തരീക്ഷവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമാക്കാൻ തിരഞ്ഞെടുക്കപ്പെട്ടവയിൽ മലപ്പുറം ജില്ലയിലെ മങ്കട സാമൂഹികാരോഗ്യ കേന്ദ്രവും ഉൾപ്പെട്ടിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ എൻ.എച്ച്.എം വഴി പ്രാരംഭഘട്ടത്തിലാണ്. |
| (ബി) | ഈ ആശുപത്രിയിലെത്തുന്ന രോഗികളുടെ ബാഹുല്യം കണക്കിലെടുത്തും ആശുപത്രിയുടെ വികസനത്തിന് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരവും ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതിനാൽ ഇവിടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിയ്ക്കുമോ; ഇതിനുള്ള ശിപാർശ അടിയന്തരമായി സർക്കാരിന് ലഭ്യമാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ? | (ബി) | സർക്കാർ ഉത്തരവ് (സാധാ) നമ്പർ 207/2021/ ആ.ക.വ തീയതി 22.10.2021 പ്രകാരം സംസ്ഥാനത്തെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കേണ്ട മിനിമം സൗകര്യങ്ങൾ, ജീവനക്കാർ, ഉപകരണങ്ങൾ എന്നിവ നിജപ്പെടുത്തി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഒരു ബ്ലോക്കിൽ നിന്നും ഒരു സ്ഥാപനത്തെ തിരഞ്ഞെടുത്ത് അടിസ്ഥാന സൗകര്യങ്ങളും രോഗീ സൗഹൃദ അന്തരീക്ഷവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമാക്കാൻ തിരഞ്ഞെടുക്കപ്പെട്ടവയിൽ മലപ്പുറം ജില്ലയിലെ മങ്കട സാമൂഹികാരോഗ്യ കേന്ദ്രവും ഉൾപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അതിന്റെ പ്രവർത്തനങ്ങൾ എൻ.എച്ച്.എം വഴി പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ